**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3002 — 18/06/2019-ൽ മറുപടിയ്ക്ക്

**കോട്ടയ്ക്കൽ മണ്ഡലത്തിലെ സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ നിന്നും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി മലപ്പുറം ഡി.ഡി.ഇ. റിപ്പോർട്ട് സമർപ്പിച്ച സ്കൂളുകളിൻമേൽ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | 2019-20 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക ഉപയോഗിച്ച് കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പൊൻവള പഞ്ചായത്തിലെ ഗവൺമെന്റ് എൽ.പി.സ്കൂൾ ചുന്നൂർ, ഗവൺമെന്റ് എൽ.പി. സ്കൂൾ ചിത്രംപള്ളി (മാറാക്കര), ഗവൺമെന്റ് എൽ.പി. സ്കൂൾ പെരുപറമ്പ് മൂടാൽ (കുറ്റിപ്പുറം) എന്നിവയുടെ എസ്റ്റിമേറ്റും പ്ലാനും ഡി.ഡി.ഇ മലപ്പുറം ഓഫീസിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; പ്രസ്തുത പ്രൊപ്പോസൽ തിരുവനന്തപുരം ഡി.പി.ഐ ഓഫീസിലേയ്ക്ക് അയച്ചിട്ടുണ്ടോ; എന്നാണ് അയച്ചത്; വിശദമാക്കാമോ; | (ബി) | ഉണ്ട്.<br>ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മലപ്പുറം ഡെപ്യൂട്ടി ഡയറക്ടർ അയച്ച പ്രൊപ്പോസലുകൾ വിദ്യാഭ്യാസ ഡയറക്ടർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) & (ഡി) | പ്രൊപ്പോസലുകൾ പരിശോധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത സ്കൂളുകളുടെ കാര്യത്തിൽ ഡി.പി.ഐ. സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | | |
| (ഇ) | മേൽപ്പറഞ്ഞ സ്കൂളുകളുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അടിയന്തരമായി ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | പ്രൊപ്പോസലുകൾ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |

Reena

സെക്ഷൻ ഓഫീസർ